LIBRARY ARCHIVES Kerala Legislative Assembly

കെ.എസ്.ആർ.ടി.സി.-യിലെ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തൽ

314 (320) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 5 വർഷത്തിൽ അധികമായി കെ.എസ്.ആർ.ടി.സി.-യിൽ താൽക്കാലികമായി ജോലി ചെയ്യുന്ന എത്ര ജീവനക്കാർ ഉണ്ടെന്ന് തസ്തിക തിരിച്ച് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത താൽക്കാലിക ജീവനക്കാരെ കെ.എസ്.ആർ.ടി.സി.-യിൽ സ്ഥിരപ്പെടുത്തുന്നതിനുള്ള സാധ്യത സംബന്ധിച്ച് പരിശോധനകൾ നടത്തുമോ;

(സി) ആയതിന് സഹായകമായ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) തസ്തിക തിരിച്ചുള്ള താൽക്കാലിക ജീവനക്കാരുടെ എണ്ണം ചുവടെ ചേർക്കുന്നു :

കണ്ടക്ടർ	-	3652
ഡ്രൈവർ	-	902
മെക്കാനിക്ക്	-	1073
മിനിസ്റ്റീരിയൽ	-	258

(ബി&സി) കെ.എസ്.ആർ.ടി.സി. മാനേജ്മെന്റും അംഗീകൃത തൊഴിലാളി സംഘടനാ പ്രതിനിധികളും ചേർന്ന് ഒപ്പുവച്ച 2012 -ലെ സേവന വേതന കരാറിൽ, 5 വർഷം പൂർത്തീകരിച്ച എംപാനൽ ജീവനക്കാരെ സ്ഥിരപ്പെടുത്തണമെന്ന ആവശ്യം ചർച്ച ചെയ്ത ഉചിതമായ തീരുമാനം എടുക്കുന്നതാണ് എന്ന് വ്യവസ്ഥ ചെയ്തിരുന്നു. നിലവിൽ 5 വർഷം പൂർത്തിയാക്കിയ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച യാതൊരു നിർദ്ദേശങ്ങളും സർക്കാരിന്റെ പരിഗണനയിലില്ല.

കെ.എസ്.ആർ.ടി.സി.-ക്ക് ഇന്ധന സബ്സിഡി

315 (321) ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.-ക്ക് രാജ്യത്തെ എണ്ണകമ്പനികൾ സബ്സിഡി നിരക്കിൽ ഇന്ധനം നൽകുന്നത് പുനഃരാരംഭിച്ചിട്ടുണ്ടോ;എങ്കിൽ എന്നു മുതൽ ;

(ബി) അന്നു മുതൽ ഈ ഇനത്തിൽ എന്ത് ലാഭ കെ.എസ്.ആർ.ടി.സി.-ക്ക് ലാഭിക്കാനായിട്ടുണ്ട്; വാങ്ങിയ ഇന്ധന അടിസ്ഥാനത്തിൽ പട്ടിക തിരിച്ച് കണക്ക് നല്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) 18-1-2013 മുതൽ കെ.എസ്.ആർ.ടി.സി.-യെ കേന്ദ്ര സർക്കാർ ബൾക്ക് പർച്ചേസർ പട്ടികയിൽപ്പെടുത്തി ഇന്ധന വിലയിലെ സബ്സിഡി എടുത്തുകളഞ്ഞതുമൂലം ഇന്ധനവിലയിൽ അഭൂതപൂർവ്വമായ വർദ്ധനവ് ഉണ്ടായി. ഇന്ധനവില വർദ്ധനവിനെതിരെ കെ.എസ്.ആർ.ടി.സി. ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിച്ചതിന്റെ അടിസ്ഥാനത്തിൽ ഹൈക്കോടതി ഉത്തരവ് മുഖേന സബ്സിഡിയോടുകൂടി ഡീസൽ ലഭിച്ചു വരികയായിരുന്നു. എന്നാൽ 16-9-2013-ൽ ബഹുമാനപ്പെട്ട സുപ്രീം കോടതി ഹൈക്കോടതി വിധി സ്റ്റേ ചെയ്തതിനെ തുടർന്ന് മറ്റു മാർഗ്ഗങ്ങളില്ലാത്തതിനാൽ കോർപ്പറേഷൻ സ്വന്തമായ/സ്വകാര്യ പമ്പുകളിൽ നിന്നും ഡീസൽ നിറച്ചു വരികയായിരുന്നു. എന്നാൽ ഈ വിലയും പടിപടിയായി ഉയർന്ന് സബ്സിഡി ഇല്ലാത്ത ബൾക്ക് കൺസ്യൂമർക്ക് ലഭിക്കുന്ന നിരക്കിനെക്കാളും ഡീസൽ വില കൂടിയതിനെ തുടർന്ന് കെ.എസ്.ആർ.ടി.സി. ബൾക്ക് കൺസ്യൂമർ എന്ന നിലയിൽ ഡീസൽ ഓയിൽ കമ്പനികളിൽ നിന്നും നേരിട്ട് വാങ്ങി ഉപയോഗിക്കുകയാണ്. നിലവിൽ ഡീസൽ ലിറ്ററിന് 54.23 രൂപയ്ക്കാണ് ലഭിക്കുന്നത്. ഹൈക്കോടതി ഉത്തരവ് മുഖേന സബ്സിഡി ലഭ്യമായ കാലയളവിൽ ഈ ഇനത്തിൽ ലാഭിക്കാനായ 62 കോടി രൂപ എന്ന് ഇൻസ്റ്റാൾമെന്റ് അടിസ്ഥാനത്തിൽ തിരിച്ചടക്കുവാൻ കഴിയുമെന്ന്, ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ സുപ്രീം കോടതിയിൽ ഫയൽ ചെയ്ത കേസിൽ ബഹു. സുപ്രീം കോടതി ആരാഞ്ഞിട്ടുണ്ട്. ഈ സാഹചര്യത്തിൽ പ്രസ്തുത തുക ലാഭമായി കണക്കിലാക്കുവാൻ കഴിയുകയില്ല

ബസ് യാത്രാ നിരക്ക് വർദ്ധനയും ഇന്ധന വിലയും

316 (322). ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എന്നുമുതലാണ് ബസ് യാത്രാ നിരക്കുകൾ വർദ്ധിപ്പിച്ചത്;

(ബി) വർദ്ധനവ് പ്രാബല്യത്തിൽ വന്നശേഷം എന്ന് മുതലാണ് ഡീസൽ വില കുറഞ്ഞു തുടങ്ങി ഇന്നത്തെ താഴ്ന്ന നിലയിലെത്തിയത്;

LIBRARY ARCHIVES Kerala Legislative Assembly